ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്ക് വേണ്ടി വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ-ടാക്സി' പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും തുടക്കം കുറിച്ചിട്ടുണ്ട്. ഇതുകൂടാതെ 'ഫുഡ് ഓൺ വീൽസ്' തുടങ്ങി വിവിധ പദ്ധതികൾ ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പദ്ധതിയിലുൾപ്പെടുത്തി ആരംഭിക്കുവാനുദ്ദേശിക്കുന്നു.

മലയാളം മിഷൻ

10 (*280) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലയാളം മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഭാഷാപഠനത്തിന്റെ മാർഗ്ഗരേഖ ഉൾപ്പെടെയുള്ള കാര്യങ്ങളും ക്രോഡീകരിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുമോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠനവിഷയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ&ബി) ലോകമെമ്പാടുമുള്ള പ്രവാസി മലയാളി കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുന്നതിനുമായി കേരള സർക്കാരിന്റെ സാംസ്കാരിക കാര്യവകുപ്പിനു കീഴിൽ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് മലയാളം

LIBRARY ARCHIVES Kerala Legislative Assembly

മിഷൻ. മിഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങളാരംഭിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അദ്ധ്യാപകർക്കുള്ള പരിശീലനങ്ങളും പഠന സാമഗ്രികളും പഠനപ്രവർത്തനങ്ങൾക്കു വേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകിവരുന്നു. മലയാളം മിഷന്റെ ദേശീയ പാഠ്യപദ്ധതി പ്രകാരമുള്ള കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നീ നാല് പാഠപുസ്തകങ്ങളിലൂടെ പത്തുവർഷം നീണ്ടുനിൽക്കുന്ന പഠനത്തിൽ കൂടി കേരളത്തിലെ പത്താംക്ലാസിന്റെ നിലവാരത്തിന് തുല്യമായ നിലയിലേക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതിയാവിഷ്കരിച്ചിട്ടുള്ളത്. മലയാളം മിഷൻ പഠനകേന്ദ്രങ്ങളിലൂടെ പ്രവാസി മലയാളി കുട്ടികൾക്ക് മലയാളം മിഷന്റെ കോഴ്സ് പൂർത്തിയാകുന്നമുറയ്ക്ക് പരീക്ഷകൾ നടത്തുകയും മൂല്യനിർണ്ണയം നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു.

(സി&ഡി) പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾക്ക് സഹായങ്ങൾ നൽകുന്ന കാര്യങ്ങളുൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മലയാളം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക്

11 (*281) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ വൈദ്യുതി നിരക്ക് കുത്തനെ വർദ്ധിപ്പിച്ച നടപടി കർഷക സമൂഹത്തെ എത്തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കാർഷിക മേഖലയിൽ ഊർജ്ജത്തിന്റെ ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധനയിൽനിന്നും പിന്തിരിയാൻ കൃഷി വകുപ്പ് സമ്മർദ്ദം ചെലുത്തുമോ ;

(സി) ഇല്ലെങ്കിൽ കർഷകർക്ക് ഈയിനത്തിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly